LIBRARY ARCHIVES Kerala Legislative Assembly

വിദ്യാലയ കാമ്പസുകളിൽ പോലീസ് കയറുന്നത് സംബന്ധിച്ച് ഗൈഡ്ലൈൻ

25 [799] ശ്രീ. കെ. മുഹമ്മദാലി :

ഡോ: എം. എ. കുട്ടപ്പൻ :

ശ്രീ. പി. ജെ. ജോയി :

,, ഡി. സുഗതൻ :

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാമ്പസുകളിൽ പോലീസ് പ്രവേശിക്കുന്നതിന് എന്തെങ്കിലും ഗൈഡ്ലൈൻ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ, ബി) പ്രിൻസിപ്പാളിന്റെ അനുമതി കൂടാതെ കോളേജ് കാമ്പസുകളിൽ പോലീസ് പ്രവേശിക്കാൻ പാടില്ല എന്നതാണ് നിലവിലുള്ള പൊതു തത്വം.

കാമ്പസുകളിൽ അച്ചടക്കം നിലനിർത്തുന്നതു സംബന്ധിച്ച മാർഗ്ഗരേഖകൾ കോടതി വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച്, കാമ്പസുകളിൽ എന്തെങ്കിലും കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്താൽ പോലീസ് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

യൂണിവേഴ്സിറ്റി കോളേജ് പരിസരത്തുണ്ടായ കല്ലേറ്

26 [800] ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-12-2004-ൽ യൂണിവേഴ്സിറ്റി കോളേജ് കാമ്പസിൽ നിന്ന് പോലീസിന് നേരെ കല്ലേറുണ്ടായിട്ടുണ്ടോ ;

(ബി) പ്രസ്തുത ദിവസം കല്ലെറിയുന്നതിനുവേണ്ടി ഗുണ്ടകൾ പ്രസ്തുത കോളേജ് ക്യാമ്പസിൽ കയറിപ്പറ്റുകയുണ്ടായോ ;

(സി) എറിയുന്നതിനുള്ള കല്ല് അവിടെ സംഭരിച്ചിരുന്നുവോ ;

(ഡി) യൂണിവേഴ്സിറ്റി കോളേജ് കാമ്പസിൽ കല്ല് സംഭരണവും ഗുണ്ടകളെ ഒളിപ്പിക്കലും നടന്നേക്കാനിടയുണ്ടെന്ന് രഹസ്യ പോലീസിന്റെ റിപ്പോർട്ട് ലഭിച്ചിരുന്നുവോ; എങ്കിൽ ആ റിപ്പോർട്ടിൻമേൽ എന്തു നടപടിയെടുത്തു ?